അവരുടെ പേര് എന്റെ കൈവശമുണ്ട്. ഒന്ന് പ്രസിഡന്റ്, മിച്ചഭൂമി കർഷകസംഘം, കൊടമംഗലം, മറ്റൊന്ന് എം. എ. വർഗ്ഗീസ്, മാളിയേക്കൽ, കുഴിപ്പള്ളി ഇങ്ങനെ രണ്ടുപേരാണ് മുന്നൂറിൽ ചില്വാനം രൂപ പ്രതിമാസം കൊടുക്കുന്നത്. ഒരു മാസമാണെങ്കിലും രണ്ടു മാസമാണെങ്കിലും സ്ഥിരം കണക്ഷനെടുത്താൽ മിനിമം ഗ്യാരന്റി അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ബോർഡിൽ മിനിമം അടയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. ഒരു കൊല്ലത്തെ മൊത്തം കറന്റിന്റെ കൺസംപ്ഷനെടുത്ത് അതിനെ 12 കൊണ്ട് ഭാഗിച്ചാണ് ഓരോ മാസവും ഇലക്ട്രിസിറ്റി ബോർഡ് വാട്ടർ പമ്പിംഗിന് ഉപ്പെടെയുള്ള തുക നിശ്ചയിക്കുന്നത്. അദ്ദേഹം പമ്പിംഗ് സബ്സിഡിയെപ്പറ്റി പറഞ്ഞു. അതിനെക്കുറിച്ച് ഞാൻ എന്തെങ്കിലും പറയാൻ ഉദ്ദേശിക്കുന്നില്ല. അത് എങ്ങനെയാണെന്ന കാര്യം ഗവൺമെന്റിന്റെ പൊതുവായ നയത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കേണ്ടതാണ്. അതിൽ പറയുന്നതിൽ കുറച്ച് ഇലക്ട്രിസിറ്റി മാത്രമേ ഉപയോഗിച്ചുള്ളൂ എന്ന് മീറ്റർ റീഡിംഗിൽ ബോദ്ധ്യമായാൽ 6 മാസത്തിലൊരിക്കൽ കുറയുന്ന സംഖ്യ വകവച്ചുകൊടുക്കുന്ന സമ്പ്രദായം ഇപ്പോഴും നിലവിലുണ്ട്. അതുകൊണ്ട് ഒന്നുകൂടി മീറ്റർ റീഡിംഗ് എടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ വില വളരെ തുച്ഛമാണ്. അങ്ങ് അറിഞ്ഞിരിക്കണം, 11 പൈസയാണ് ഒരു യൂണിറ്റ് ഇലക്ട്രിസിറ്റിക്ക് വാങ്ങുന്നത്. ലോകത്ത് എങ്ങും ഇത്രയും കുറഞ്ഞ വില കാണുകയില്ല. മീറ്റർ റീഡിംഗിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടായിട്ടുണ്ടെങ്കിൽ അത് തീർച്ചയായും പമ്പ് ഉപയോഗിക്കുന്ന ആളുകൾക്ക് വകവച്ചുകൊടുക്കാൻ നിയമമുണ്ട്. ഒന്നുകൂടി ഈ കാര്യം പരിശോധിക്കാൻ ഗവൺമെന്റ് ഉത്തരവാദപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. യഥാർത്ഥ ഉപയോഗത്തിന് അപ്പുറമായി പൈസ വാങ്ങുന്ന പതിവില്ല. പ്രത്യേകിച്ചും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ കുറഞ്ഞ വിലയ്ക്കാണ് അവർക്ക് ഇലക്ട്രിസിറ്റി കൊടുക്കുന്നത്. ഈ കാര്യത്തിൽ ഒരു പരിശോധനകൂടി നടത്താനും മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും വ്യത്യാസമുണ്ടെങ്കിൽ വകവച്ചുകൊടുക്കാനും തയ്യാറാണ്. അദ്ദേഹം ആവശ്യപ്പെട്ടത് ഇത് ഇളവു ചെയ്ത് കൊടുക്കണമെന്നാണ്. അതിന് ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് അധികാരമില്ല. ഇലക്ട്രിസിറ്റി ഉപയോഗിക്കുന്നവർക്ക് ഇലക്ട്രിസിറ്റിയുടെ തുക ഇളവു ചെയ്തുകൊടുക്കാൻ സാധിക്കുകയില്ല. അതുകൊണ്ടാണ് കുട്ടനാടും തൃശ്ശൂരും ഉൾപ്പെടെ പമ്പിംഗിന്റെ മുഴുവൻ ചെലവുകളും ഗവൺമെന്റ് വഹിക്കുന്നത്. ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റ്, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റിലേക്ക് ബിൽ കൊടുക്കുകയും ഓരോ സീസണിലും ഉപയോഗിച്ച മൊത്തം ഇലക്ട്രിസിറ്റിയുടെ തുക ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കുകയുമാണ് ചെയ്യുന്നത്. ഈ പ്രദേശവും അങ്ങനെ ഉൾപ്പെടുമെങ്കിൽ ആ രീതിയിലാകാം. പക്ഷേ ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ഒരു കോമേഴ്സ്യൽ സ്ഥാപനമെന്ന രീതിയിൽ മീറ്ററിൽ കാണുന്ന യൂണിറ്റിന്റെ തുക അടയ്ക്കാതിരിക്കാൻ നിവൃത്തിയില്ല. എന്തെങ്കിലും വ്യത്യാസം കാണുന്നുണ്ടെങ്കിൽ അത് തിരിച്ചുകൊടുക്കാനോ ഇല്ലെങ്കിൽ ഭാവിയിൽ അഡ്ജസ്റ്റ് ചെയ്തുകൊടുക്കാനോ ഇന്ന് നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കാം.

3. മുഖത്താർ കടൽപ്പുറത്ത് പോലീസ് അതിക്രമം

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : സർ, കോഴിക്കോട് മുഖത്താർ എന്ന പ്രദേശത്ത് 9-11-1986 ഞായറാഴ്ച രാവിലെ മുതൽ തിങ്കളാഴ്ച അർദ്ധരാത്രി വരെ പോലീസ് നരനായാട്ടു നടത്തുകയായിരുന്നു. സംഭവത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

തുടക്കം ഞാൻ പറയാം. ചീട്ടുകളിക്കാരെ പിടിക്കാനെന്ന പേരിൽ ടൗൺ എസ്. ഐ. പ്രദീപ്കുമാർ സംഭവസ്ഥലത്ത് വന്നു. അവിടെ മൽസ്യ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന കടപ്പുറം ഏരിയാ ആണ്. ചീട്ടുകളി സംഘത്തിലുള്ള ചില ആളുകളും കടലിൽ ചാടി. നാല് ആളുകളും ചാടി, അതിൽ മൂന്നുപേർ ചീട്ടുകളി സംഘവുമായി ബന്ധപ്പെട്ടവരാണ്. ഒരു ചെറുപ്പക്കാരനും ചാടി. മൂന്നുപേരെ പ്രദീപ്കുമാർ കടലിൽ ചാടി നീന്തിപ്പിടിച്ചു കൊണ്ടുവന്നു. നാലാമത്തെയാളെ അകലെ നീന്തിപ്പോയതു കൊണ്ട് കിട്ടിയില്ല. അയാൾ ഒരുമണിക്കൂറിൽ അധികം, സമയം മരണവുമായി മല്ലിട്ടുകൊണ്ടുനിന്നു. നാട്ടുകാർ പോയി യന്ത്രം ഘടിപ്പിച്ച ബോട്ടിൽ അയാളെ രക്ഷപ്പെടുത്താൻ ശ്രമിച്ചു. യന്ത്രവൽക്കൃത ബോട്ട് പിടിക്കാൻ അതിന്റെ പുറകെ പോയി, പക്ഷേ കിട്ടിയില്ല. നിരാശപ്പെട്ട് അദ്ദേഹം കരയിൽ വന്നു. മരിക്കുമെന്ന നിലയിൽ നിന്നാണ് നാട്ടുകാർ അയാളെ രക്ഷപ്പെടുത്തിയത്. അയാളെ കിട്ടാത്തതിൽ നിരാശപ്പെട്ട് അദ്ദേഹം നാട്ടുകാരുടെ മേൽ തട്ടിക്കയറി. നാട്ടുകാരുമായി ഉരസലുണ്ടായി. പോലീസ് ഫോഴ്സ് അവിടെയുണ്ടായിരുന്നത് പെരുതായതുകൊണ്ട് അയാൾ ടൗൺ പോലീസ്സ്റ്റേഷനിൽ നിന്ന് പോലീസുകാരെ കൊണ്ടുവന്ന് പാവപ്പെട്ട ആളുകളുടെ മേൽ മർദ്ദനങ്ങൾ നടത്തി. രാഷ്ട്രീയ ഭേദമില്ലാതെ, മുഴുവൻ ആളുകളും തിങ്ങിപ്പാർക്കുന്ന സ്ഥലത്തുള്ള ആളുകളെയെല്ലാം അടിച്ചു ശരിപ്പെടുത്തി. പത്തുപേരെ കസ്റ്റഡിയിലെടുത്തു. അവർ ഇനി ജീവിക്കുമോ എന്ന കാര്യം സംശയമാണ്. അവിടെ അതിഥിയായി വന്ന പുതിയപ്പായേയും, അബൂബക്കർ, എന്ന ആളിനേയും അയാളുടെ ഭാര്യയുടെ അമ്മയേയും നബീസ, സഫിയ എന്നിവരുൾപ്പടെ നാല പേരെ ബീച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഞായറും തിങ്കളും അവിടെ വൻപിച്ച രീതിയിൽ നരനായാട്ട് നടത്തി. അതിനെ സംബന്ധിച്ച് ശക്തമായ നടപടികളെടുത്ത് അവിടെ സമാധാനം ഉണ്ടാക്കണമെന്ന് എസ്.ഐ. യോട് ആവശ്യപ്പെടണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കടൽപ്പുറത്ത് രാത്രികാലങ്ങളിൽ ചൂതുകളിക്കുന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. വിവരം കിട്ടിയ ഉടനെ എസ്. ഐ. യും പാർട്ടിയും അവിടെ ചെന്നു. പോലീസിനെ കണ്ടപ്പോൾ പതിവുപോലെ അവർ ഓടി. ഏഴ് ആളുകളോ മറ്റോ ആണ് കടലിൽ ചാടിയത്. അവർ സ്നേഹിതൻമാരുടെ ബോട്ടുകളിൽ രക്ഷപ്പെട്ടു. ബാക്കിയുള്ള പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തത് അവരുടെ പേരിൽ കേസെടുത്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തു. കോടതിയിൽ ഹാജരാക്കിയപ്പോഴും അവരെ യാതൊന്നും ചെയ്തതായി പരാതി പറഞ്ഞില്ല. അവരെ പരിശോധിച്ചു. മൂന്നു സ്ത്രീകളും അവരുടെ റിലേറ്റീവ്സാണ്. ഞങ്ങളെ പിടിച്ചുകൊണ്ടുപോയി എന്നു പറഞ്ഞ് അവരും ഹോസ്പിറ്റലിലാണ്. ഒരു പോറൽ പോലും അവർക്ക് പറ്റിയില്ലായെന്നു പറഞ്ഞ് റെക്കാർഡ് ഉണ്ട്. ഏതായാലും ഇതുസംബന്ധിച്ച് കേസെടുത്തു കോടതിയിൽ ഹാജരാക്കി. കോടതിയിൽ അവർ പരാതി പറഞ്ഞിട്ടില്ല. എന്തെങ്കിലും തരത്തിൽ പരാതിയുണ്ടായിരുന്നുവെങ്കിൽ കോടതിയിൽ പറയാമായിരുന്നു. എന്തായാലും കൂടുതലായിട്ട് അന്വേഷിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാം.

4. മാട്ടറ-കാലാങ്കി ഹിൽറോഡിന്റെ പണി

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മാട്ടറ—കാലാങ്കി റോഡിംഗിന്റെ ടാറിംഗ് ഉൾപ്പെടെയുള്ള പണി ചെയ്യാൻ 18.73 ലക്ഷം രൂപയ്ക്ക് 30-12-1985-ൽ ഗവൺമെന്റിൽ നിന്നും ഭരണാനുമതി

LIBRARY ARCHIVES Kerala Legislative Assembly